# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3419

19-10-2016 ൽ
മറുപടിയ്ക്ക്.

## ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | ശ്രീ.മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് എം.എൽ.എ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് മൈനർ/ മേജർ ഇറിഗേഷൻ വകുപ്പുകൾ എത്ര പ്രവൃത്തികൾ നടത്തിയിട്ടുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ നൽകാമോ; | (എ) | കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് എം.എൽ.എ ആസ്തി വികസനഫണ്ട് ഉപയോഗിച്ച് മൈനർ/മേജർ ഇറിഗേഷൻ വകുപ്പുകൾ പ്രവൃത്തികൾ ഒന്നും തന്നെ നടത്തിയിട്ടില്ല. |
| (ബി) | മൈനർ/മേജർ ഇറിഗേഷൻ വകുപ്പിന്റെ ഏതൊക്കെ പ്രവൃത്തികൾക്കാണ് എം.എൽ.എ ആസ്തി വികസന ഫണ്ട് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | ജലസേചന വകുപ്പിൽ കാസർഗോഡ് എം.ഐ. ഡിവിഷന്റെ കീഴിൽ മൊഗ്രാൽ പുത്തൂർ പഞ്ചായത്തിൽ ഏരിയാൽ കോരുവയൽ തോടിന് ഏരിയാലിൽ കോൺക്രീറ്റ് സ്ലാബും പാർശ്വഭിത്തിയും നിർമ്മിച്ച് ഏരിയാൽ കോളനി നിവാസികൾക്ക് അപ്രോച്ച് റോഡ് നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇവയിൽ പൂർത്തിയായതും പൂർത്തിയാകാത്തതും ഇനിയും ആരംഭിക്കാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണ് എന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ നൽകാമോ; | (സി) & (ഡി) | കാസർഗോഡ് എം.ഐ. ഡിവിഷന്റെ കീഴിലുള്ള അപ്രോച്ച് റോഡ് നിർമ്മാണം എന്ന പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ല. ഈ പ്രവൃത്തിക്കുവേണ്ടിയുള്ള എസ്റ്റിമേറ്റ് 2013-ൽ തയ്യാറാക്കിയിരുന്നുവെങ്കിലും പ്രദേശവാസികൾ പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ വില്ലേജാഫീസിൽ നിന്നും ടി സ്ഥലം സ്വകാര്യവ്യക്തികളുടേതാണെന്ന് വ്യക്തമാക്കിയതുകൊണ്ട് ടി പ്രവൃത്തി ടെൻഡർ ചെയ്യുവാൻ സാധിച്ചില്ല. എന്നാൽ കാസർഗോഡ് ഡെപ്യൂട്ടി ഡയറക്ടറുടെ 23/02/2016 ലെ സർവ്വേ പ്രകാരം പ്രസ്തുത തോട് പുറമ്പോക്കായി. വൈ 5-10364/2016 പ്രകാരം നിലനിർത്തി റെക്കോർഡ് തയ്യാറാക്കി വില്ലേജിന്റെ റീ-സർവ്വേ പൂർത്തിയാക്കിക്കൊണ്ടുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ പ്രസ്തുത സ്ഥലത്തിന്റെ മാപ്പിന്റെ ശരിപ്പകർപ്പ് വില്ലേജാഫീസർ നൽകി. അതു പ്രകാരം പ്രസ്തുത സൈറ്റിൽ തോട് അടയാളപ്പെടുത്താൻ ചീഫ് എഞ്ചിനീയർ വില്ലേജാഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വില്ലേജ് ആഫീസറിൽ നിന്നും വിശദാംശം ലഭിച്ചാൽ മാത്രമേ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ നടപടികൾ പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) | പണം അനുവദിച്ചിട്ടും പ്രവൃത്തികൾ തുടങ്ങാൻ ബാക്കിയുണ്ടെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**